**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2376** **21-06-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി പ്രകാരം കോറോത്ത് അനുവദിച്ച ഫ്ലാറ്റ് സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷന്റെ കീഴിൽ പയ്യന്നൂർ നഗരസഭയിലെ കോറോത്ത് അനുവദിച്ച ഫ്ലാറ്റ് സമുച്ചയം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (എ) | പയ്യന്നൂർ നഗരസഭയിൽ 4 നിലകളിലായി 44 യൂണിറ്റുകൾ അടങ്ങിയ ഭവന സമുച്ചയത്തിന്റെ അടിസ്ഥാന നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫ്ലാറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | കരാർ തുകയിൽ വർദ്ധനവ് ആവശ്യപ്പെട്ട് ടി പദ്ധതിയുടെ നിർമ്മാണം കരാറുകാരൻ നിർത്തി വെച്ചിരിക്കുകയാണ്. ഈ വിഷയ ത്തിൽ കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് നൽകി യിട്ടുണ്ട്. |
| (സി) | സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; അറിയിക്കാമോ? | (സി) | കോവിഡ്-19 മഹാമാരി നിയന്ത്രണങ്ങൾ മൂലം ഭവന സമുച്ചയ നിർമ്മാണം തടസ്സപ്പെടുകയുണ്ടായി. ഈ കാലയളവിൽ ഇരുമ്പിന്റെ കമ്പോള വിലയിലുണ്ടായ വർദ്ധനവു കാരണം കരാർ ഉടമ്പടി പ്രകാരമുള്ള തുകയിൽ പൂർത്തീകരിക്കാൻ സാധിക്കുകയില്ലെന്നും ആയതിനാൽ കരാർ തുകയിൽ വർദ്ധനവ് നൽകണമെന്നും ആവശ്യപ്പെട്ട് കറാറുകാരനും ഇതേ ടെക്നോളജി ഉപയോഗിച്ച് നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ള മറ്റ് കരാറുകാരും അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയം പരിശോധിക്കുന്നതിന് നിയോഗിച്ച സാങ്കേതിക സമിതിയുടെ ശുപാർശ സർക്കാർ പരിശോധി ച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ